LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആഗസ്റ്റ് മാസം 29,30,31 ദിവസങ്ങളിൽ ഉപഭോക്താക്കൾ വാങ്ങിയ ബില്ലുകൾ സെപ്റ്റംബർ 30-നു മുമ്പായി വ്യാപാരിയെ ഏൽപ്പിച്ച് സ്ക്രാച്ച് കാർഡ് വാങ്ങുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വ്യാപാരികൾക്ക് നൽകിയിട്ടുള്ള സ്ക്രാച്ച് കാർഡിന്റെ 75% തീരുന്ന മുറയ്ക്ക് അവയുടെ കൗണ്ടർ ഫോയിലുകൾ ഓഫിസിലേൽപ്പിച്ച് പുതിയ കാർഡുകൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഭാഗ്യക്കുറി ടിക്കറ്റിന്റെ പിറകിൽ പരസ്യം രേഖപ്പെടുത്തുന്നതിന് മതിയായ സ്ഥലം ഇല്ലാത്തതിനാൽ ഇത് പരിഗണനാർഹമല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

(ഇ) പരിഗണനയിലില്ല.

## മൂല്യവർദ്ധിത നികുതി നിലവിലിരുന്ന സാധനങ്ങൾക്ക് വ്യത്യസ്ത നികുതി ചുമത്തിയ നടപടി

322 [1576] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ ബഡ്ജറ്റിൽ മൂല്യവർദ്ധിത നികുതി നിലവിലിരുന്ന ഏതെല്ലാം സാധനങ്ങൾക്ക് വ്യത്യസ്തമായ നികുതി ചുമത്തിയിട്ടുണ്ട്;

(ബി) ഇതുമൂലം നികുതിയിലുണ്ടായ മാറ്റം എത്രയാണ്;

(സി) ഇത് സംസ്ഥാനത്തിന് അനുഗുണമാണെന്ന് കരുതുന്നുണ്ടോ;

(ഡി) മൂല്യവർദ്ധിത നികുതിയിൽ നിന്നുള്ള ഈ വ്യതിയാനംവഴി സംസ്ഥാനത്തിന് എത്ര തുക കൂടുതൽ കിട്ടുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതുക്കിയ ബഡ്ജറ്റ് പ്രകാരം 20 ശതമാനം നികുതി നിരക്ക് ഏർപ്പെടുത്തിയ സാധനങ്ങളുടെ പട്ടിക അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) 12.5 ശതമാനം നികുതി നിരക്കിൽ നിന്നും 20 ശതമാനം ആയി ഇവയുടെ നികുതി നിരക്ക് മാറി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മൂല്യവർദ്ധിത നികുതിയിൽനിന്നും വ്യതിയാനം വരുത്തിക്കൊണ്ടല്ല പ്രസ്തുത 20 ശതമാനം നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന ധനകാര്യ മന്ത്രിമാരുൾപ്പെടുന്ന ഉന്നതാധികാര സമിതി നിശ്ചയിച്ച തറ നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് നിശ്ചയിക്കരുതെന്ന് മാത്രമേ ഉന്നതാധികാര സമിതി നിഷ്ക്കർഷിച്ചിട്ടുള്ളൂ. ഇതിൽനിന്നും പത്ത് കോടി രൂപ പ്രതീക്ഷിക്കുന്നു.

## ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം

323 [1577] ശ്രീ. കെ. ബാബു :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ നിയന്ത്രണം നികുതി വകുപ്പിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ചെക്ക് പോസ്റ്റുകളിൽനിന്നും വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാരെ മാറ്റി പകരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥൻമാരെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഇപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഉണ്ട്. പരീക്ഷണാർത്ഥത്തിൽ ഒരു മാസത്തേയ്ക്ക് വാളയാർ ചെക്ക് പോസ്റ്റിൽ സ്കാനർ സ്ഥാപിക്കുവാൻ ബാംഗ്ലൂരിലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ചെക്ക് പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങളുടെ പരിശോധനയും നികുതി പിരിക്കലും നികുതി വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly